LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വ്യവസായ സ്ഥാപനങ്ങൾ വഴി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ

150 [604] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വ്യവസായ സ്ഥാപനങ്ങൾ വഴി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര മാർക്കറ്റിലേക്ക് എത്തിക്കുവാൻ കഴിയുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അന്താരാഷ്ട്ര മാർക്കറ്റിൽ എത്തിക്കുവാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) റബ്ബർ ത്രെഡ്, വളങ്ങൾ, വെളിച്ചെണ്ണ, ഹെയർടോൺ, ഹവായ് ചപ്പൽ, സൈക്കിൾ ടയറും ട്യൂബുകളും, റബ്ബൈസ്ഡ് കയർ മാറ്റ്ട്രസ്സ്, റബ്ബർ വുഡ് ഫർണിച്ചർ, റബ്ബർ വുഡ് പാനൽ ബോർഡ്, കിടക്കകൾ, തലയിണകൾ, പമ്പ് സെറ്റ്, കൊപ്രാഡ്രയർ, മെതിയന്ത്രം, തേങ്ങാ പൊതിക്കുന്ന യന്ത്രം, റബ്ബർ റോളർ, സ്റ്റീൽ ഫർണിച്ചർ, കറി പൗഡർ, ആട്ടാ, റവ, മൈദ, ജാം, അച്ചാറുകൾ, തടിയേതര വനവിഭവങ്ങൾ, ആയുർവേദ ഔഷധങ്ങൾ, ചൂരൽ ഫർണിച്ചറുകൾ, കരകൗശല വസ്തുക്കൾ, തേയിലപ്പൊടി, ജൈവ വളങ്ങൾ, മണ്ണിര കമ്പോസ്റ്റ്, എർമിവാഷ്, കാലിത്തീറ്റ തുടങ്ങിയവയാണ് സഹകരണ വ്യവസായ സ്ഥാപനങ്ങൾ വഴി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ.

(ബി) ഹവായ് ചപ്പൽ, സൈക്കിൾ ടയറുകൾ, സൈക്കിൾ ട്യൂബുകൾ, റബ്ബൈസ്ഡ് കയർ മാറ്റ്ട്രസ്സ്, റബ്ബർ വുഡ് ഫർണിച്ചർ, റബ്ബർ വുഡ് പാനൽ ബോർഡ്, കിടക്കകൾ, തലയിണകൾ മുതലായവ അന്താരാഷ്ട്ര മാർക്കറ്റിലേക്ക് എത്തിക്കുവാൻ കഴിയുന്നുണ്ട്.

(സി) ഹവായ് ചപ്പൽ, സൈക്കിൾ ടയറുകൾ, ട്യൂബ്, റബ്ബൈസ്ഡ് കയർ മാറ്റ്ട്രസ്സ്, റബ്ബർ വുഡ് ഫർണിച്ചർ, പാനൽ ബോർഡ് എന്നിവ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് ഉൽപ്പന്നങ്ങൾക്കും അന്താരാഷ്ട്ര വിപണി ലക്ഷ്യമാക്കിയുള്ള വിപണനത്തിന് ശ്രമം ആരംഭിച്ചിട്ടുണ്ട്.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

151 [605] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ നിന്ന് സെസ്സ് പിരിക്കാനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;